പതിനാലാം കേരള നിയമസഭ

പതിനെട്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1274

06/02/2020-ൽ
മറുപടിയ്ക്ക്

<u>പെരുംകുളം ഗവ പി.വി.എച്ച്.എസ്.എസ്.-ൽ ശാസ്ത്രപോഷിണി ലാബ്</u>

<u>ചോദ്യം</u>

ശ്രീമതി .പി . അയിഷാ പോറ്റി

<u>മറുപടി</u>

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പെരുംകുളം ഗവ പി.വി.എച്ച്.എസ്.എസ്.-ൽ ശാസ്ത്ര പോഷിണി ലാബ് സ്ഥാപിക്കുന്നതിന് എം.എൽ.എ. വികസന ഫണ്ടിൽ നിന്നും ആവശ്യമായ തുക കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ലഭ്യമായിട്ടുണ്ടോ; അറിയിക്കുമോ;

(ബി) കൗൺസിലിന് എത്ര തുക ലഭ്യമായി എന്നും എന്ന് ലഭ്യമായി എന്നും വിശദമാക്കാമോ;

(എ) & (ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പെരുംകുളം ഗവ പി.വി.എച്ച്.എസ്.എസ്-ന് ശാസ്ത്ര പോഷിണി ലാബ് സ്ഥാപിക്കുന്നതിന് ബഹു.കൊട്ടാരക്കര എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നെങ്കിലും കൗൺസിലിന് ഡി.ഡി.ഒ കോഡ് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് (KSCSTE) ലഭ്യമായിട്ടില്ല.

(സി) സ്കൂളിന്റെ ലാബ് സ്ഥാപിക്കുന്നതിനായി കൗൺസിൽ നാളിതുവരെ സ്വീകരിച്ച നടപടി ക്രമങ്ങൾ വെളിപ്പെടുത്താമോ?

(സി) പെരുകുളം ഗവ പി.വി.എച്ച്.എസ്.എസ്-ൽ ശാസ്ത്ര പോഷിണി ലാബ് സ്ഥാപിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 2018-ൽ കൗൺസിൽ നിയോഗിച്ച് വിദഗ്ധ സമിതി പെരുകുളം ഗവ പി.വി.എച്ച്.എസ്.എസ്. സന്ദർശിക്കുകയും ശാസ്ത്ര പോഷിണി ലാബ് സ്ഥാപിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

2. 29/03/2019-ലെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഉത്തരവ് പ്രകാരം ശാസ്ത്ര പോഷിണി ലാബുകൾക്കുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്കൂൾ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തു.

3. ഗവ. പി.വി.എച്ച്.എസ്.എസ്.-ന് ശാസ്ത്ര പോഷിണി ലാബ് സ്ഥാപിക്കുന്നതിന് എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നെങ്കിലും കൗൺസിലിന് ഡി.ഡി.ഒ കോഡ് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക സ്കൂളിന്റെ ഡി.ഡി.ഒ കോഡ് വഴി സ്കൂളിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകുകയുണ്ടായി. ഈ തുക സ്കൂളിൽ ലഭ്യമായാലുടൻ ലാബിലേയ്ക്കാവശ്യമായുള്ള സാധന സാമഗ്രികൾ എത്തിക്കുന്നതിന് വേണ്ടിയുള്ള തുടർ നടപടികൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്വീകരിക്കുന്നതാണ്.

Namitha P

**സെക്ഷൻ ഓഫീസർ**